ശ്രീ. കെ. നാരായണക്കുറുപ്പ്: ഏതായാലും മൂവാറ്റുപുഴ ബസ് സ്റ്റേഷനു വേണ്ട പ്രാധാന്യം നൽകുന്നുണ്ട്. അതിന്റെ ജോലിയിൽ തടസ്സം വരുന്നുണ്ട് എന്ന പരാതിയിലാണ് ബഹുമാനപ്പെട്ട മെമ്പർ ഇതുപോലെ ഒരു ചോദ്യം ചോദിക്കുവാൻ ഇടയായത്. മൂവാറ്റുപുഴ സ്റ്റേഷന്റെ പണി പൂർത്തിയാക്കാൻ നിർദ്ദേശങ്ങൾ കൊടുത്തുകഴിഞ്ഞു. ഭൂമി എടുത്തുകഴിഞ്ഞു. പണി ആരംഭിക്കുവാൻ തുടങ്ങി.

ശ്രീ. സി.എ. കുര്യൻ: ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിലും പുറത്തും കുമിളി ബസ്സ്റ്റേഷൻ ഇതാവരുന്നു ഇതാവരുന്നു എന്നു പറയാറുണ്ട്. അതെവിടെവരെ എത്തി?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇതാ വരുന്നു എന്നുള്ളതല്ലാതെ വന്നെത്തിയെന്നു ഞാൻ പറഞ്ഞിട്ടില്ല.

മി. സ്പീക്കർ: വന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം.വി. മാണി: കോതമംഗലം ബസ്സ്റ്റേഷന്റെ ആവശ്യത്തിനുവേണ്ടി ഫ്രീയായി സ്ഥലം കൊടുത്താൽ ഏറ്റവും വേഗം ബസ്സ്റ്റേഷൻ ആരംഭിക്കാമെന്നു പറഞ്ഞിട്ടുണ്ടെങ്കിലും അതിന്റെ നടപടി എവിടെവരെയായി എന്നു പറയാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ബസ്സ്റ്റേഷന്റെ ആദ്യ ചോദ്യമാണ് സ്റ്റേഷൻ മാസ്റ്റർ ഓഫീസ്. പിന്നെ അടുത്ത ചോദ്യം സബ്ഡിപ്പോ ആണ്. അതുകഴിഞ്ഞ് ഡിപ്പോ. കോതമംഗലം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആണ്, അതുകൊണ്ടാണു ആരംഭിക്കാമെന്നു പറഞ്ഞിട്ടുള്ളത്. അതു പിൻവലിച്ചിട്ടില്ല, തീർച്ചയായും 1978-79-ൽ ഇതിനെ സംബന്ധിച്ച് കാര്യമായി പരിഗണിക്കും.

ആർ.എം.പി. സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിച്ച സ്കൂൾ കെട്ടിടങ്ങൾ

* 629 [686] ശ്രീ. എം.വി. മാണി:
,, ഈപ്പൻ കണ്ടക്കുടി:
ഡോ: ജോർജ്ജ് മാത്യു:
ശ്രീ. പി.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ–സാമൂഹ്യ വികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ. എം. പി. സ്കീമിൽ ഉൾപ്പെടുത്തി കഴിഞ്ഞ വർഷം എത്ര സ്കൂൾ കെട്ടിടങ്ങൾ നിർമ്മിച്ചു; അതിന് എന്തു തുക ചെലവായി;

(ബി) ആർ.എം.പി. സ്കീമിൽ കെട്ടിടങ്ങൾ പണിയുന്നത് പി.ഡബ്ലിയു. ഡി. പണിയുന്നതിനേക്കാൾ കൂടുതലായ സാമ്പത്തിക ലാഭം സർക്കാരിനു നേടിത്തരുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അത് എത്ര ശതമാനം?

ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പു മന്ത്രി (ശ്രീ. ടി.എം.മാദരൻ കാളാശ്ശേരി):

LIBRARY ARCHIVES Kerala Legislative Assembly

(എ) തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കോട്ടയം, കൊല്ലം എന്നീ ജില്ലകളിൽ 1977-78-ൽ ആർ.എം.പി. സ്കീമിൽ 59 സ്ക്കൂൾ കെട്ടിടങ്ങൾക്കു അനുമതി നൽകിയിട്ടുണ്ട്. അവയുടെ പണി തുടർന്നു വരുന്നു. ബാക്കി ജില്ലകളുടെ വിവരം ശേഖരിച്ചുവരുന്നു. ഈ കാലയളവിൽ എല്ലാ ജില്ലകളിലുമായി 8,21,458 രൂപ ചെലവാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കോൺട്രാക്ടറുടെ ലാഭവിഹിതം ചേർക്കാതെയുള്ള എസ്റ്റിമേറ്റിന്റെ മൂന്നിൽ രണ്ടുഭാഗംമാത്രമാണ് സാമ്പത്തിക സഹായമായി സർക്കാർ വഹിക്കുന്നത്.

ശ്രീ. എം.വി. മാണി: നമ്മുടെ നാട്ടിൽ നൂറുകണക്കിനു സ്ക്കൂൾ കെട്ടിടങ്ങൾ പണിയാതെ കിടക്കുകയാണ്. പി.ഡബ്ലിയു.ഡി. പണിയുമ്പോൾ ടെൻഡറിന്റെ 25, 30 ശതമാനം കൂട്ടിയാണു കൊടുക്കുന്നത്. ആർ.എം.പി. സ്കീമിൽ 10 ശതമാനം കുറവാണ്. അതുകൊണ്ട് ആർ.എം.പി. സ്കീമിൽ കൂടുതൽ തുക ഉൾപ്പെടുത്താൻ ഗവൺമെന്റു ശ്രദ്ധിക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: നമ്മുടെ സംസ്ഥാനത്തു ഏതാണ്ട് 11,000-ത്തോളം സ്ക്കൂളുകളുണ്ട്. അതിൽ സ്വകാര്യ ഏജൻസികളും വ്യക്തികളും ഗവൺമെന്റും നടത്തുന്നതായ സ്ക്കൂളുകളുണ്ട്. ആർ.എം.പി. സ്കീമിൽ ഗവൺമെന്റു സ്ക്കൂളുകൾ മാത്രമാണ് ചെയ്യുന്നത്. ജനങ്ങളിൽനിന്നും പരാതി ലഭിക്കുന്ന സ്ക്കൂളുകൾക്കാണ് ഇങ്ങനെ സഹായം ചെയ്യുന്നത്.

ശ്രീ. എം.വി. മാണി: ഞാൻ പ്രൈവറ്റു സ്ക്കൂളുകളുടെ കാര്യമല്ല സൂചിപ്പിച്ചത്. ഗവൺമെന്റു സ്ക്കൂളുകൾതന്നെ കെട്ടിടം ഇല്ലാതെ, ഷെഡ്ഡുപോലും ഇല്ലാതെ കിടക്കുന്നുണ്ട്. അവിടെ പൊതുജന സഹകരണത്തോടുകൂടി കുറഞ്ഞ ചെലവിൽ നടത്താൻകഴിയുന്ന ആർ.എം.പി. സ്കീം വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; അതിനുള്ള തുക കൂടുതൽ ഉൾപ്പെടുത്തുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. ദാമോദരൻ കാളാശ്ശേരി: അതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. പി.സി. ജോസഫ്: ഇപ്പോഴുംതന്നെ കുട്ടികളെ ഇരുത്തി പഠിപ്പിക്കുവാൻ ഉറപ്പില്ലെന്നു സാങ്കേതികവിദഗ്ദ്ധൻമാർ ഉപദേശിച്ചിട്ടുള്ള സ്ക്കൂളുകളുടെ എണ്ണം എത്രയുണ്ട്, അങ്ങനെയുള്ള സ്ക്കൂളുകളെ ആർ.എം.പി. സ്കീമിൽപെടുത്തി പണിയാൻ അടിയന്തിരമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അതിനു നാട്ടുകാർ മുന്നോട്ടുവരണം. അതുപോലെതന്നെ ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതി പരിശോധിച്ചിട്ടുമാത്രമേ എന്തെങ്കിലും ചെയ്യാൻ കഴിയൂ.

ശ്രീ. പി.സി. ജോസഫ്: ആർ.എം.പി. സ്കീമിലുള്ള കെട്ടിടങ്ങളുടെ ലിസ്റ്റു തയ്യാറാക്കുമ്പോൾ തീരെ ഉറപ്പില്ലെന്നു സർട്ടിഫിക്കറ്റു നൽകിയ സ്ക്കൂളുകൾക്കു മുൻഗണന നൽകുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അതു പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.ജെ. ജോസഫ്: ഇതുവരെയായി എത്ര ട്രൈബൽ സ്ക്കൂളുകൾ പണിതിട്ടുണ്ട്, അടുത്തകൊല്ലം ആരംഭിക്കുന്ന ട്രൈബൽ സ്ക്കൂളുകളെല്ലാം ഈ ആർ.എം.പി. സ്കീമിൽ ഉൾപ്പെടുത്തി കെട്ടിടം പണിയാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അതിനെ സംബന്ധിച്ച് പ്രത്യേക നോട്ടീസ് വേണം. അത് ആലോചിക്കാവുന്നതാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ആർ. എം. പി. സ്കീമിൽ കൂടുതൽ സ്ക്കൂളുകളെ ഉൾപ്പെടുത്തുമോ, അതിനുവേണ്ടി കൂടുതൽ സംഖ്യ വകകൊള്ളിക്കുമോ എന്നുള്ളതായിരുന്നു പ്രധാന ചോദ്യം. അതുതന്നെ ഞാൻ ആവർത്തിക്കാം. കഴിഞ്ഞകൊല്ലം എന്തു തുക ഇതിനു വേണ്ടി ബഡ്ജറിൽ ഉൾപ്പെടുത്തിയിരുന്നു, ഇക്കൊല്ലം എന്തു തുക ബഡ്ജറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുമൂലം എത്ര സ്ക്കൂളുകൾ പുതുതായി പണിയിക്കുവാൻ കഴിയുമെന്നു ഗവൺമെന്റു കരുതുന്നു?

ശ്രീ. ദാമോദരൻ കാളാശ്ശേരി: നടപ്പു സാമ്പത്തിക വർഷത്തിൽ ഇതിനുവേണ്ടി 25 ലക്ഷം രൂപയുണ്ട്. വരുന്ന സാമ്പത്തികവർഷത്തിൽ എത്രയെന്നു പിന്നീടുമാത്രമേ പറയാൻ കഴിയൂ.

ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായി: ഈ സ്ക്കൂളുകളുടെ എസ്റ്റിമേറ് ഉണ്ടാക്കുമ്പോൾ കോൺട്രാക്ടറുടെ പ്രോഫിറ്റു 10 ശതമാനമാണ്. എസ്റ്റിമേറിന്റെ മൂന്നിൽ രണ്ടുഭാഗം പണമായിട്ടും ബാക്കി ഗോതമ്പുമായിട്ടാണ് നൽകുന്നത്. പി.ഡബ്ലിയു.ഡി. റേറാണെങ്കിൽ 30 ശതമാനം എസ്റ്റിമേറിനേക്കാൾ കൂടുതൽ ആണ്. അതുകൊണ്ട് ഇതിന്റെ എസ്റ്റിമേറു സംഖ്യ റൊക്കം രൂപയായി കൊടുക്കുകയും 30 ശതമാനം ഗോതമ്പു അധികമായി കൊടുക്കുകയും ചെയ്യുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ശരിയായ തെളിവുകൾ കിട്ടിയാൽ ആവശ്യമായിട്ടുള്ളത് എന്താണെന്നുവച്ചാൽ ആലോചിക്കാം.

ശ്രീ. പി. കരുണാകരൻ: ഈ സ്കീമിന്റെ ലിസ്റ് ആരാണു തയ്യാറാക്കുന്നത്, തയ്യാറാക്കുന്ന ഏജൻസി ഏതാണ്?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അതാതു വിദ്യാഭ്യാസ ജില്ലയുടെ മേലദ്ധ്യക്ഷനും ഡിസ്ട്രിക്ടു കളക്ടറുമാണ്.

ശ്രീ. പി.ശങ്കർ: ഈ ആർ.എം.പി. സ്കീമിൽ സ്ക്കൂളുകൾ ഉൾപ്പെടുത്തിയിരിക്കുന്നു എന്നറിവുകൊടുക്കുന്നതു ഫെബ്രുവരി-മാർച്ചു മാസങ്ങളിലാണ്. അങ്ങനെയായാൽ ഈ വർഷം നിശ്ചയിച്ചിട്ടുള്ള തുക എങ്ങനെ ചെലവാക്കാൻ കഴിയും?

ശ്രീ. ദാമോദരൻ കാളാശ്ശേരി: കളക്ടറും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരും ചേർന്നാണ് ഇതു നടത്തുന്നത്. ഈ വിധത്തിലുള്ള പരാതിയുണ്ടെങ്കിൽ തെളിയിച്ചാൽ ആവശ്യമായ നടപടിയെടുക്കാം.

ശ്രീ. ടി.എം. ജേക്കബ്: നടപ്പു സാമ്പത്തിക വർഷത്തിൽ 25 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ടെന്നു പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി തന്നെ, തന്ന ഉത്തരത്തിൽ 8 ലക്ഷം രൂപയേ ചെലവാക്കിയിട്ടുള്ളു എന്നു പറയുന്നു. ബാക്കിവരുന്ന തുക ഈ സാമ്പത്തികവർഷത്തിൽ തീർക്കാൻ കഴിയുമോ; ഇക്കാര്യത്തിൽ അനാസ്ഥവരുത്തിയവരുടെ പേരിൽ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ദാമോദരൻ കാളാശ്ശേരി: പല ജില്ലകളിലും ഇതിന്റെ പണി നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണു വിവരം ശേഖരിച്ചുകൊണ്ടിരിക്കുന്നു എന്നു പറഞ്ഞത്.

ശ്രീ. ആർ. സുന്ദരേശൻനായർ: ഡെവലപ്പ്മെന്റു ഡിപ്പാർട്ടുമെന്റു വഴി മരാമത്തുപണികളും നടത്തുന്ന ഒരു പ്രവണത കൂടിക്കൂടി വരുന്നുണ്ട്. ഡെവലപ്പ്മെന്റു ഡിപ്പാർട്ടുമെന്റിൽ സാങ്കേതിക ഉദ്യോഗസ്ഥൻമാരുടെ അഭാവംകൊണ്ട് ഈ പണികളുടെ മേൽനോട്ടം ശരിക്കും നടക്കുന്നില്ലെന്നും അതുകൊണ്ട് ഈ പണികളുടെ പ്രയോജനം ശരിക്കും നാട്ടുകാർക്കു ലഭിക്കുന്നില്ലെന്നും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഡെവലപ്പ്മെന്റു ഡിപ്പാർട്ടുമെന്റിൽ സാങ്കേതികോദ്യോഗസ്ഥൻമാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അങ്ങനെയുള്ള പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. നല്ല നിലയിൽ പ്രവർത്തനം നടക്കുന്നതായാണ് ശ്രദ്ധയിൽപെട്ടിട്ടുള്ളത്. പരാതിയുണ്ടെങ്കിൽ അതു തെളിയിച്ചാൽ ആവശ്യമായ നടപടി സ്വീകരിക്കാം.

ഉപയോഗക്ഷമമല്ലാതാകുന്ന ട്രാൻസ്പോർട്ട് ബസ്സുകൾ

* 630 [687] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി:
,, കെ. രാഘവൻ മാസ്റ്റർ:
,, ഇ. നാരായണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് നടത്തുന്ന ട്രാൻസ്പോർട്ട് ബസ്സുകൾ എത്ര വർഷം കഴിയുമ്പോഴാണ് ഉപയോഗക്ഷമമല്ലാത്തതായി കണക്കാക്കി സർവ്വീസ് നടത്തുന്നതിനുള്ള അനുമതി റദ്ദാക്കുന്നത്;

(ബി) ഇതിന് വ്യവസ്ഥ ചെയ്യുന്ന നിയമങ്ങൾ സംസ്ഥാനത്ത് ഉണ്ടോ;

(സി) ഇപ്രകാരം പഴക്കം ചെന്ന എത്ര ബസ്സുകൾ ഇപ്പോൾ കേരള റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ വകയായി സർവ്വീസ് നടത്തുന്നുണ്ട്?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ, ബി) കേരള മോട്ടോർ വാഹനചട്ടങ്ങളിൽ വരുത്തിയ ഭേദഗതി അനുസരിച്ച് പതിനാറുകൊല്ലത്തിൽ കൂടുതൽ പ്രായം ചെന്ന വണ്ടികൾ ഓടിക്കാൻ പാടില്ലായെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 16 കൊല്ലത്തിൽ കൂടുതൽ പഴക്കമുള്ള വണ്ടികളെല്ലാം ഉടൻ പിൻവലിക്കുകയാണെങ്കിൽ അതു സർവ്വീസ് നടത്തിപ്പിനെ ദോഷകരമായി ബാധിക്കുമെന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ചട്ടം 31.12.1979 വരെ നടപ്പിൽ വരുന്നതല്ലായെന്നറിയിച്ചുകൊണ്ട് ഗവൺമെന്റ് ഒരു വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പതിനാറുകൊല്ലത്തിൽ കൂടുതൽ പഴക്കം ചെന്ന 113 വണ്ടികൾ കെ.എസ്.ആർ.ടി.സി.-യിൽ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly